**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 192** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തികരിച്ച കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) | നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ഐ വാർഡും ഓപ്പറേഷൻ തിയേറ്ററും 2019-20 സാമ്പത്തിക വർഷത്തിലെ ROP ഫണ്ട് ഉപയോഗിച്ച് ഒരു കോടി അമ്പത്തിനാല് ലക്ഷം രൂപ (1,54,00,000/- രൂപ) ചെലവിൽ നിർമ്മാണം നടത്തുന്ന പദ്ധതി അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു. പ്രസ്തുത വാർഡിന്റെ നിർമ്മാണം 2022-ൽ ആരംഭിക്കുകയും 2023 വർഷാവസാനം പൂർത്തീയാകുകയും ചെയ്തു. ഐ വാർഡിൽ 10 ബെഡോട് കൂടിയ ഐ.പി. യും മൈനർ പ്രോസീജ്യർ റൂമും 2 ബെഡോട് കൂടിയ ഓപ്പറേഷൻ തീയേറ്ററുമാണ് തയ്യാറായി വരുന്നത്. ഇതോടൊപ്പം പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ ജോലികൾ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ, ഓപ്പറേഷൻ തിയേറ്ററിലേക്കുള്ള ഒഫ്ത്താൽമിക് മൈക്രോസ്കോപ്പ്, ഫർണ്ണിച്ചറുകൾ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിനായി 15 ലക്ഷം രൂപ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പർച്ചേസിങ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിർമ്മാണം പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക, ഫർണ്ണിച്ചർ വാങ്ങുക എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുവാനുള്ള ഒരു പ്രൊപ്പോസലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മറ്റൊരു പ്രൊപ്പോസലും മലപ്പുറം ജില്ലയിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന വാങ്ങുന്ന നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിൽ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി ആർദ്രം മാനദണ്ഡപ്രകാരം അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. |
| (ഡി) | ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കിയും മതിയായ ജീവനക്കാരെ നിയമിച്ചും ആശുപത്രി അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ